**File No.DB4/297/2019-LSGD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24.10.2019ലെ യോഗതീരുമാനം നം. 4.13-തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിൽ അഗതിരഹിത കേരളം പദ്ധതിക്കായി ലഭിച്ച വിഹിതത്തിൽ ബാക്കിയുള്ള തുക വിനിയോഗിച്ച് 2 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2820/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/12/2019

പരാമർശം:- 1 തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24/08/2019ലെ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24.10.2019ലെ യോഗതീരുമാനം നം. 4.13.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമ പഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതിക്കായി ലഭിച്ച വിഹിതത്തിൽ 8,99,800/- രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ബാക്കി ഉണ്ട് എന്നും സംസ്ഥാന മിഷൻ അംഗീകരിച്ചതനുസരിച്ച് 5 ഗുണഭോക്താക്കൾക്ക് വീട് നൽകേണ്ടതുണ്ട്എന്നും ആയതിനാൽ പഞ്ചായത്തിൽ ലഭ്യമായ വിഹിതത്തിൽ നിന്ന് 8.00 ലക്ഷം രൂപ ഉപയോഗിച്ച് 5 ഗുണഭോക്താക്കളിൽ നിന്ന് രണ്ടുപേർക്ക് വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകണ മെന്നും പരാമർശം 1കത്ത് പ്രകാരം തൃശ്ശൂർ ജില്ല പ്ലാനിംഗ് ഓഫീസർ ആവശ്യപ്പെടുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽകമ്മിറ്റിയിലെ പരാമർശം (2) യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആശ്രയ കുടുംബമായതിനാൽ രണ്ടു പേർക്ക് വീട് നിർമ്മിച്ചു നൽകാൻ താന്ന്യംഗ്രാമപഞ്ചായത്തിനുഅനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ ജില്ല.

സെക്രട്ടറി, താന്ന്യം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

File No.DB4/297/2019-LSGD

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ